വനാവകാശ നിയമം

87(2338) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ വനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് എന്തൊക്കെ പ്രായോഗിക ബുദ്ധിമുട്ടുകളാണ് ഉണ്ടായിട്ടുള്ളത് ;

(സി) ഈ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവുമായി എന്തൊക്കെ ചർച്ചകൾ നടത്തിയിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ എന്തൊക്കെ മാർഗ്ഗ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ വനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാസർഗോഡ്, ആലപ്പുഴ ഒഴികെയുള്ള 12 ജില്ലകളിലായി 511 വനാവകാശ സമിതികൾ രൂപീകരിച്ചു. കൂടാതെ 12 ജില്ലാതല സമിതികളും 14 സബ്ഡിവിഷണൽതല സമിതികളും രൂപീകരിച്ചിട്ടുണ്ട്. 36125 വ്യക്തിഗത ക്ളെയിമുകൾക്കുള്ള അപേക്ഷകളും 1369 പൊതു അവകാശങ്ങൾക്കുള്ള അപേക്ഷകളുമാണ് ആകെ ലഭിച്ചത്. ഇതിൽ 26860 വ്യക്തിഗത ക്ളെയിമുകളിന്മേലുള്ള അപേക്ഷകളുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 23668 എണ്ണം സബ്ഡിവിഷണൽതല സമിതികളും 22365 എണ്ണം ജില്ലാതല സമിതികളും പാസ്സാക്കിയിട്ടുണ്ട്. ഇതിൽ നിന്നും 15705 കുടുംബങ്ങൾക്ക് 19333 ഏക്കറിന്മേലുള്ള വനാവകാശ രേഖകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള വ്യക്തിഗത ക്ളെയിമുകൾക്കുള്ള അപേക്ഷകളിന്മേലും പൊതു അവകാശങ്ങൾക്കുള്ള അപേക്ഷകളിന്മേലും സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കി രേഖകൾ വിതരണം നടത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്മെന്റ് ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ബി) ഭൂമി സർവ്വേ ചെയ്യുന്നതിനും വനാവകാശ രേഖകൾക്കായി ആദിവാസി കുടുംബങ്ങളുടെ ഫോട്ടോ എടുക്കുന്നതിനും കാലതാമസം ഉണ്ടാകുന്നുണ്ട്. വനവിഭവ ശേഖരണത്തിനും തൊഴിലിനുമായി ചില ആദിവാസി വിഭാഗങ്ങൾ അവരുടെ സ്ഥിരമായ വാസസ്ഥലം വിട്ട് പോകുന്നതു കാരണം ഇവരുടെ സങ്കേതങ്ങളിൽ ചെന്ന് ഫോട്ടോ എടുക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് സാധിക്കുന്നില്ല. കൂടാതെ, വനം വകുപ്പ് ഉദ്യോഗസ്ഥരുടെ തടസ്സങ്ങൾമൂലം ചില സങ്കേതങ്ങളിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര വനം. പരിസ്ഥിതി മന്ത്രാലയത്തിന്റേയും കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിന്റെയും ഒരു സംയുക്ത സമിതി 2010 ജൂലൈ 2 മുതൽ 5 വരെയുള്ള തീയതികളിൽ സംസ്ഥാനം സന്ദർശിച്ച് ഈ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച പുരോഗതി വിലയിരുത്തുകയുണ്ടായി. നിയമം നടപ്പിലാക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ സമിതിയെ ധരിപ്പിച്ചിട്ടുണ്ട്.

(ഡി) വനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനത്തിനുള്ളിലെ ആദിവാസികൾക്ക് നിർവ്വചനം നൽകി 9-6-2008-ൽ പുറപ്പെടുവിച്ച കത്തും വനേതര ആവശ്യങ്ങൾക്ക് വനഭൂമി വിനിയോഗിക്കുന്നത് സംബന്ധിച്ച് 2009 മേയ് 18-ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ചില നടപടി ക്രമങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

പാലക്കാട് കാറ്റാടി കമ്പനിക്കായി ആദിവാസികളുടെ ഭൂമി കൈവശപ്പെടുത്തിയ സംഭവം

88(2340) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾ ക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് കാറ്റാടി കമ്പനിക്കായി ആദിവാസികളുടെ ഭൂമി കൈവശപ്പെടുത്തിയ സംഭവത്തിൽ സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി എന്തൊക്കെ വസ്തുതകളാണ് കണ്ടെത്തിയിട്ടുള്ളത് ;

(സി) വ്യാജരേഖകളും കൃത്രിമ മാർഗ്ഗങ്ങളും ഉപയോഗിച്ചാണ് കമ്പനി ആദിവാസി ഭൂമി കൈവശപ്പെടുത്തിയതെന്ന് വ്യക്തമാക്കിയിട്ടുണ്ടോ ;

(ഡി) ഇത്തരത്തിൽ ഇവിടെ ഭൂമി നഷ്ടപ്പെട്ട ആദിവാസികളുടെ ഭൂമി തിരികെ നല്കുന്നതിന് എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്നറിയിക്കുമോ ?

ഉത്തരം

(എ) കാറ്റാടി കമ്പനി ആദിവാസി ഭൂമി കൈയടക്കിയതുമായി ബന്ധപ്പെട്ട് അട്ടപ്പാടി ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ അന്വേഷണം നടത്തുകയും ഇതിനെത്തുടർന്ന് പാലക്കാട് ജില്ലാ കളക്ടർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1999-ലെ പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും തിരിച്ചെടുക്കലും നിയമപ്രകാരമുള്ള നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റപ്പാലം RDO ഇതു സംബന്ധിച്ച നടപടികൾ എടുത്തിട്ടുണ്ട്. അട്ടപ്പാടിയിലെ കാറ്റാടി കമ്പനി പ്രശ്നവുമായി ബന്ധപ്പെട്ട് സർക്കാർ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നിയോഗിച്ച ഉന്നതതല

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly